**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4039** **09-08-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചവയിൽ ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | നിരത്തു വിഭാഗത്തിനു കീഴിൽ ഭരണാനുമതി ലഭിച്ചവയിൽ ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കെട്ടിട വിഭാഗത്തിനു കീഴിൽ ഭിന്ന ശേഷിക്കാർക്കുള്ള ബാരിയർ ഫ്രീ ഫെസിലിറ്റി നൽകുന്ന പ്രവൃത്തി- എസ്റ്റിമേറ്റ് തുക 14 ലക്ഷം- കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. കുഴൽമന്ദം ഐ.ടി.ഐ യിലെ ഓഡിറ്റോറിയത്തിൽ ഫാൾസ് സീലിംഗ് നൽകുന്ന പ്രവൃത്തി (എസ്റ്റിമേറ്റ് തുക 9 ലക്ഷം) നടന്നുകൊണ്ടിരിക്കുന്നു. രണ്ട് ആഴ്ചയ്ക്കകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പാലങ്ങൾ വിഭാഗത്തിനു കീഴിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ചുള്ളിമാട് പാലം, കുളിയാട്ടുകടവ് പാലത്തിന്റെ അറ്റകുറ്റപ്പണികൾ എന്നിവയാണ്. ചുള്ളിമാട് പാലം പ്രവൃത്തി നിലവിൽ 40 % പൂർത്തീകരിച്ചിട്ടുണ്ട്. പുന്നപ്പാടം മമ്പാട് കോസ് വേ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കിഫ്ബി വിഭാഗത്തിനു കീഴിൽ കണ്ണാടി പന്നിക്കോട് റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 24.09 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായുള്ള വിവരശേഖരണം നടത്തി വരുന്നു. മലയോരഹൈവേ പദ്ധതിക്ക് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലത്തൂർ നിയോജക മണ്ഡലത്തിൽ കൂടി കടന്ന് പോകുന്ന കൊല്ലംകോട് വടക്കാഞ്ചേരി മലയോരഹൈവേയ്ക്ക് സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി DPR കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 12 മീ. വീതിയിൽ ഫ്രീ സറണ്ടർ ആയി ഭൂമി വിട്ടുകിട്ടുമെന്നുള്ള രേഖകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭ്യമാക്കണമെന്ന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പല പ്രദേശങ്ങളിലും ഫ്രീ |

| | | | |
|---|---|---|---|
| | | | സറണ്ടർ ആയി സ്ഥലം ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഫ്രീ സറണ്ടർ ആയി ഭൂമി വിട്ടുകിട്ടുമെന്ന രേഖകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിന് 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകുകയും 2021 ൽ പുതുക്കിയിട്ടുള്ളതുമാണ്. സാമ്പത്തികാനുമതിക്കായി DPR കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഭരണാനുമതിക്കായി സമർപ്പിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്നും അറിയിക്കാമോ? | (ബി) | ഭരണാനുമതിയ്ക്കായി പ്രവൃത്തികൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - നിരത്തുവിഭാഗം

4039

## APPENDIX - I: List of PWD Road Works with Administrative Sanction, which are yet to be completed - Alathur LAC

| Sl. No | Name of work | Amount of work in Lakhs | Year | Present Status of work | Expected Date of Completion | Remarks |
|---|---|---|---|---|---|---|
| 1 | Improvements to Punnakulam Pullupara Puthukode road km 0/000 to 3/200 & 0/000to 1/100 | 759 | 2017-18 | Work in progress. 60% Completed | 30-09-21 | |
| 2 | UPR to Mangalam dam Kadappara road 3/100 to 8/000 | 10 | 2018-19 | Tendered | | selection notice issued. agreement not executed. |
| 3 | Improvements to Mangalam Kadappara road 0/000 to 3/100 | 75 | 2018-19 | Work in progress | 15-11-21 | |
| 4 | Budget 2018-19-Improvements to Alathur - Maruthamthadam road Km 1/500 to 6/800 | 300 | 2018-19 | Work in progress. 50% Completed | 30-11-21 | |
| 5 | SLTF 2019-2020 - UPR to Pothukad-Manamkulambu road km 0/000 to 3/400 | 25 | 2019-20 | work in progress | 30-11-21 | |
| 6 | Providing BCPatch/BT Patch/Strip BT/Strip BC between Km 3/800 to 5/100 and road concrete works at Km 3/000 to 3/900 of Alathur Bazar Road. | 40 | 2019-20 | Work in Progress | | |
| 7 | Providing BCPatch/BT Patch/Strip BT/Strip BC between Km 3/800 to 5/100 and road concrete works at Km 3/000 to 3/900 of Alathur Bazar Road | 40 | 2019-20 | work in progress | 30-11-21 | |
| 8 | SLTF 2019-2020 -- Improvements to Kundukad Moolamkode road km 0/00 to 2/700 | 100 | 2019-20 | Agreement Executed | | |
| 9 | Improvements & providing BM & BC to Anakkappara Mudappallur road at ch km 0/000 to 4/000 | 500 | 2019-20 | Work in progress. 50% Completed | 31-12-21 | CD and Drainage Works60% completed |
| 10 | NABARD-RIDF-XXIV 2019-20 Kunissery - Vallangy road Km 0/000 to 6/460 | 500 | 2019-20 | Work in progress. 80% Completed | 31-08-21 | BM BC Works Completed |

സെക്ഷൻ ഓഫീസർ